LIBRARY ARCHIVES Kerala Legislative Assembly

കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ്

72(2931) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊടക്കാട് പട്ടികജാതി വിഭാഗക്കാർക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുന്നതിന് തടസ്സങ്ങൾ വല്ലതുമുണ്ടോ;

(ബി) ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഉള്ള പ്രസ്തുത സ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുന്നതിന് എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പുതിയ ഹയർസെക്കണ്ടറി സ്കൂളുകളോ അധിക ഹയർ സെക്കണ്ടറി ബാച്ചുകളോ അനുവദിക്കുന്നകാര്യം വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സർക്കാർ നയപരമായ തീരുമാനമെടുക്കുന്ന മുറയ്ക്ക് മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ.

അദ്ധ്യാപക പാക്കേജ്

73(2932) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ 2015-16 വർഷത്തെ അദ്ധ്യാപക പാക്കേജ് ഹൈക്കോടതി തടഞ്ഞു വക്കുകയുണ്ടായോ; ഇതിനിടയായ സാഹചര്യം എന്തായിരുന്നു;

(ബി) 2014-15-ലെ അദ്ധ്യാപക പാക്കേജ് തടഞ്ഞുവച്ച ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരെ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നല്കിയിട്ടുണ്ടായിരുന്നുവോ; പ്രസ്തുത അപ്പീലിൽ തീരുമാനം ആകുന്നതിനിടയിൽ വീണ്ടും പാക്കേജ് പ്രഖ്യാപിച്ചത് ആരുടെ നിയമോപദേശപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) അദ്ധ്യാപക പാക്കേജുകൾ സംബന്ധിച്ച് കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസുകൾ ഏതൊക്കെ; ഏതെല്ലാം കേസുകളിൽ വിധി പ്രസ്താവിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ;

(ഡി) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഉത്തരം

(എ) 2015-16 വർഷം ജി.ഒ.(പി) 213/15/പൊ.വി.വ. നമ്പരായി പുറപ്പെടുവിച്ച അദ്ധ്യാപക പാക്കേജ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. ചില മാനേജർമാർ ടി ഉത്തരവിനെതിരെ റിട്ട് ഹർജി ഫയൽ ചെയ്തതിനെ തുടർന്നാണ് സ്റ്റേ വന്നിട്ടുള്ളത്.